വലുതാണെന്നു കാണാം. ഇവിടത്തെ തൊഴിൽ മറ്റു സംസ്ഥാനങ്ങളിൽ കൂടുതൽ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളുമായി ഇവിടത്തെ മുതലാളിമാർ തന്നെ തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേയ്ക്കും പോവുകയാണ്. അതുകൊണ്ട് ദക്ഷിണ സംസ്ഥാനങ്ങളിലെ മറ്റു സർക്കാരുകളുമായി ആലോചിച്ച് ഒരു മിനിമം വേതനം എല്ലാ സ്ഥലങ്ങളിലും ഒരുപോലെ കൊണ്ടുവരുന്നതിന് വല്ല നടപടികളും ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? അതിനെ സംബന്ധിച്ച് എന്താണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: നമ്മുടെ പരമ്പരാഗത വ്യവസായങ്ങളായ ബീഡി, കൈത്തറി, കശുവണ്ടി.—ഇവയിലെല്ലാംതന്നെ നമ്മൾ മിനിമം വേജസ് എൻഫോഴ്സ് ചെയ്യുകയും അയൽ സംസ്ഥാനങ്ങളിൽ ചെയ്യാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഇൻറസ്ട്രി മൈഗ്രേറ്റ് ചെയ്യുന്ന പ്രശ്നമുണ്ട്. അത് നിരവധി വർഷങ്ങളായി കേന്ദ്ര ഗവൺമെൻറിലും അവിടത്തെ ട്രൈ പൈ പാർട്ടി കോൺഫറൻസിലും ഒക്കെ ചർച്ച ചെയ്തിട്ടുണ്ട്. ഈ പ്രാവശ്യത്തെ ട്രൈ പൈ പാർട്ടി കോൺഫറൻസിൽ ഇത് വളരെ ഗൗരവമായി എടുക്കുകയും അതിന് കമ്മിറ്റിവച്ച് ഇത്തരം കാര്യങ്ങൾ ക്രമീകരിക്കുന്നതിനുവേണ്ടി ആലോചന നടത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

ആർട്ടിസാൻമാർ

*450 [480] ശ്രീ. പന്തളം സുധാകരൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. രാഘവൻ മാസ്റ്റർ:
,, ജോസ് കുറിയാനി:
,, ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിൽപ്പെട്ട എത്ര ആർട്ടിസാൻമാരുണ്ട്;

(ബി) ഇതിൽ സർട്ടിഫൈഡ് സ്വർണ്ണത്തൊഴിലാളികൾ എത്ര;

(സി) ഇവരെ തൊഴിൽ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ,

(എ) സംസ്ഥാനത്ത് 2,72,888 ആർട്ടിസാൻസ് ഉണ്ട്.

(ബി) 17,852.

(സി) എല്ലാവർക്കും തൊഴിൽ നിയമം ബാധകമല്ല.

(ഡി) സ്വയം തൊഴിൽചെയ്യുന്നവർക്ക് തൊഴിൽ നിയമം ബാധകമല്ല. കടകളിൽ പണിയെടുക്കുന്നവർക്ക് കേരളാ ഷോപ്സ് ആൻറ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് നിയമം ബാധകമാണ്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, അസംഘടിത വിഭാഗത്തൊഴിലാളികൾക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ക്ഷേമനിധി ഇവർക്കുകൂടി ബാധകമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: സർ, ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഉണ്ടാക്കിയ ആർട്ടിസാൻസ് സ്കീൽഡ് വർക്കേഴ്സ് (ഡെത്ത് ആൻറ് റിട്ടയർമെൻറ്) പദ്ധതിയിൽ അവർക്കുകൂടി ചേരാവുന്നതാണ്. എന്നാൽ അവർക്കും ഈ ബെനിഫിറ്റ് കിട്ടുന്നതാണ്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: ഈ സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയിൽ കൂടി ഉൾപ്പെടുത്തി അവർക്ക് സ്വന്തമായി ജോലിയുണ്ടാക്കാൻ വേണ്ടിയുള്ള എന്തെങ്കിലും സാമ്പത്തിക സഹായം കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ബാങ്കുകളിൽ നിന്നും സ്വയം തൊഴിൽ കണ്ടെത്തലിന് സഹായം ലഭിക്കുന്നവരുടെ കൂട്ടത്തിൽ അവർക്കും സാമ്പത്തിക സഹായം കിട്ടാവുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഈ ആർട്ടിസാൻസ് വിഭാഗത്തിൽ ഏതെല്ലാം തൊഴിൽ ചെയ്യുന്നവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

ശ്രീ. കെ. ശിവദാസൻ: കരകൗശല വിദഗ്ധൻമാർ, സ്വർണ്ണപ്പണിക്കാർ, കൊല്ലപ്പണിക്കാർ, തടിയിൽ ഇത്തരം പണികളും ചെയ്യുന്നവർ, കളിമണ്ണുകൊണ്ട് സാധനങ്ങളുണ്ടാക്കുന്നവർ എന്നിവരുടെ ഒരു പട്ടികയുണ്ട്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ആർട്ടിസാൻസ് വിഭാഗത്തിൽപ്പെടുന്ന ഏതെല്ലാം വിഭാഗത്തിനാണ് ആനുകൂല്യങ്ങളും കൊടുക്കുന്നത് എന്നാണ് ചോദിച്ചത്.

ശ്രീ. കെ. ശിവദാസൻ: സാധാരണ ഉദ്ദേശിക്കുന്നത് സ്വർണ്ണപ്പണിക്കാർ, കരകൗശലവിദഗ്ധൻമാർ, കൊല്ലപ്പണിക്കാർ, തടിയിൽ ഇത്തരം പണികളും ചെയ്യുന്നവർ, കളിമണ്ണുകൊണ്ട് സാധനങ്ങളുണ്ടാക്കുന്നവർ ഇത്തരം ആളുകളെയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: എന്നാൽ ആ വിഭാഗത്തെ ഒ. ബി. സി വിഭാഗത്തിലോ മറ്റോ ഉൾപ്പെടുത്തി അവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റും കൊടുക്കുവാൻ വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: അക്കാര്യം ഈ ചോദ്യത്തിലോ ഉപചോദ്യത്തിലോ ഉൾപ്പെടുന്നതല്ല.

ശ്രീ. ജോസ് കുറിയാനി: സർ, ഈ ആർട്ടിസാൻമാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി ആർട്ടിസാൻസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ രൂപീകരിക്കുകയും സാമ്പത്തിക പരാധീനതമൂലം അതിൻറെ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടക്കുകയും ചെയ്യുന്നില്ല എന്നുള്ള കാര്യം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻറെ പ്രവർത്തനം നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: ആർട്ടിസാൻസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ സാമാന്യം നല്ല രീതിയിൽ നടക്കുന്നുവെന്നാണ് അറിവ്. ഇത് വ്യവസായ വകുപ്പിൻറെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിലുള്ള ഒരു സ്ഥാപനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് കുറിയാനി: ബഡ്ജറ്റിൽ പല ആനുകൂല്യങ്ങളും ഈ വിഭാഗത്തിന് ഉണ്ടെന്നു പറഞ്ഞിരുന്നുവെങ്കിലും സാമ്പത്തിക പരാധീനതകൊണ്ടുമൂലം അവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ലെന്നുള്ള പരാതി ഉയർന്നു വന്നിട്ടുള്ളത് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? അതുപോലെ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി അവർക്ക് നൽകിയിട്ടുള്ള സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യമില്ലാത്തതുകൊണ്ട് കെ. ആർ. ഡി. പി. വായ്പ എടുത്ത് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ആളുകളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ട്രേഡ് ഫെയർ നടത്തുന്നതുപോലെ ട്രേഡ് ഫെയർ നടത്തി ഈ ആർട്ടിസാൻസിന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് സാമ്പത്തികമായ പരിമിതികളുണ്ട്. അതുകൊണ്ട് ആർട്ടിസാൻസ് ആയിട്ടുള്ള ആളുകൾക്ക് കോമ്പസിറ്റ് ആയിട്ടുള്ള ലോൺ ബാങ്കുകളിൽ നിന്നും എടുത്തുകൊടുക്കാനുള്ള നടപടിയും ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ അത് (ഉൽപ്പന്നങ്ങൾ) വിറ്റഴിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള ശ്രമം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ബെന്നി ബഹനാൻ: സർ, ഈ പുതിയ ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സർട്ടിഫൈഡ് സ്വർണ്ണത്തൊഴിലാളികളായ മുഴുവൻ ആളുകളേയും ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: സർ, സർട്ടിഫൈഡ് തൊഴിലാളികളെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. കെ. കേശവൻ: സർ, ഈ ആർട്ടിസാൻസ് വിഭാഗത്തിൽപെട്ട ആളുകളിൽ സ്വർണ്ണത്തൊഴിലാളികൾക്ക് സഹായം നൽകാൻ വേണ്ടി അവരെക്കൊണ്ട് ഒരുപാട് സർട്ടിഫിക്കറ്റുകൾ വാങ്ങിച്ചിട്ട് അത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ഏതെങ്കിലും ഒരാൾക്ക് എന്തെങ്കിലും വിധത്തിലുള്ള ധനസഹായം നൽകിയിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: സർ, അവരുടെ കാര്യത്തിനായി മാത്രം ഒരു കോർപ്പറേഷനുണ്ട്. ആ കോർപ്പറേഷൻ അവരുടെ കാര്യങ്ങൾ നോക്കുന്നുണ്ട്.

ശ്രീ. എം. കെ. കേശവൻ: അതിൽപ്പെട്ടതാണിവിടെ ചോദിക്കുന്നത്. അവർക്ക് എന്തെങ്കിലും ധനസഹായം കൊടുത്തിട്ടുണ്ടോയെന്നാണ് ചോദിക്കുന്നത്.

(മറുപടി പറഞ്ഞില്ല)

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ ചോദ്യം ഒരിക്കൽകൂടി ആവർത്തിക്കുകയാണ്. ആർട്ടിസാൻസിനോട് സഹായത്തിന് അപേക്ഷിക്കാൻ പറഞ്ഞു. അവർ ആർട്ടിസാൻസ് ആണെന്നുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങിച്ചുകൊണ്ട്. ലക്ഷക്കണക്കിന് ആളുകൾ അപേക്ഷ കൊടുത്തു. ഇന്നും ആ അപേക്ഷകൾ ഒന്നുംതന്നെ ഡിസ്പോസ് ചെയ്യാതെ, ഒറ്റയടിക്കും അതിന്റെ അടിസ്ഥാനത്തിൽ സഹായം കൊടുക്കാതിരിക്കാൻ എന്താണ് കാരണമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ ഏകദേശം പത്തുകോടിയോളം രൂപയുടെ അപേക്ഷ കെട്ടിക്കിടക്കുകയായിരുന്നു. ആ അപേക്ഷകൾ പ്രോസസ് ചെയ്തപ്പോൾ ചില പ്രോജക്ടുകൾ ഇതിന് അർഹമല്ലാത്തതുകൊണ്ട് കൊടുക്കാൻ കഴിഞ്ഞില്ല. ഏകദേശം രണ്ടരക്കോടി രൂപയുടെ പ്രോജക്ടുകൾ പൂർത്തീകരിക്കുകയും രണ്ടരക്കോടി രൂപയുടെ ലോണുകളും മറ്റു സഹായങ്ങളും കൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ രണ്ടുലക്ഷത്തിൽപ്പരം ആർട്ടിസാൻസ് ആണ് നമ്മുടെ സംസ്ഥാനത്തുണ്ടെന്ന് പറഞ്ഞു. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നമ്മുടെ സംസ്ഥാനത്ത് ആ വിഭാഗത്തിൽപ്പെട്ട എത്രയാളുകൾ ഉണ്ടെന്നോ അറിയുന്നതിനായി അതിനുള്ള രജിസ്ട്രേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. പിന്നെ എവിടെ നിന്നാണ് ഈ കണക്ക് കിട്ടിയത്? ഇക്കാര്യത്തെക്കുറിച്ച് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. ശിവദാസൻ: സർ, ഈ സ്വർണ്ണത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതിന് ഒരു കമ്മീഷനെ ഏർപ്പെടുത്തിയിരുന്നു. ആ കമ്മീഷൻ ചില കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. അതാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ദയവായി ചോദ്യോത്തര സമയത്ത് മെമ്പർമാർ സീറ്റുവിട്ട് പോകരുത്. ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് എല്ലാ മെമ്പർക്കും സാധിക്കുന്നില്ല. അതുപോലെതന്നെ മന്ത്രിമാർക്ക് കോൺസെൻട്രേഷൻ കിട്ടുന്നില്ല. അതുകൊണ്ട് ശരിയായിട്ട് മറുപടി പറയാൻ കഴിയുന്നില്ല.

ശ്രീ. കെ. പി. രാമൻ: സർ, നമ്മുടെ സംസ്ഥാനത്തെ എല്ലാ വിഭാഗത്തിലുംപെട്ട ആർട്ടിസാൻസിന്റെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി സഹായമെന്നുള്ള നിലയ്ക്ക് ഈ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ പല ഭാഗത്തും റീജിയണൽ ഓഫീസുകൾ തുറക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തച്ചടി പ്രഭാകരൻ: ഈ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ സാമ്പത്തികമായ പരിമിതികളുണ്ട്. സാമ്പത്തികമായി പരിമിതിയുള്ളതുകൊണ്ട് ഉദ്യോഗസ്ഥൻമാർക്കു പോലും ശമ്പളം കൊടുക്കുന്നതിനുള്ള സാഹചര്യമില്ലാതെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് കൂടുതൽ റീജിയണൽ ഓഫീസുകൾ ഉണ്ടാക്കേണ്ട കാര്യമില്ല. അല്ലാതെതന്നെ അതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: സർ, ഈ ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽനിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി സംഘടനയുടെ സർട്ടിഫിക്കറ്റ് അനിവാര്യമാണെന്നുള്ള നിലയിൽ ഒരു തീരുമാനം എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് അവസാനിപ്പിച്ച് വ്യവസ്ഥാപിതമായ നിലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റ് സംഘടനകളുടെ സർട്ടിഫിക്കറ്റുകൾക്ക് എലിജിബിലിറ്റി ഉള്ളതായി പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ഇവിടെ സംഘടനകളുടെ സർട്ടിഫിക്കറ്റ് അല്ല, അതിനാവശ്യമായിട്ടുള്ളത്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നൽകുന്ന സർട്ടിഫിക്കറ്റിനെ ആധാരമാക്കിയാണ് ഇത് കൊടുക്കുന്നത്. പൊളിറ്റിക്കലായിട്ടുള്ള ധാരാളം സംഘടനകളും ഉണ്ട്. അവർ തമ്മിൽ വൈരുദ്ധ്യവുമുണ്ട്. അവരുടെ സർട്ടിഫിക്കറ്റുകളും ഗവൺമെന്റ് ഒരിക്കലും പരിഗണിക്കുകയില്ല.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ ആർട്ടിസാൻസ് അടക്കമുള്ള കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി ആ വകുപ്പിന്റെ പ്രവർത്തനം ധനകാര്യവകുപ്പു മന്ത്രിയുടെ കീഴിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുമോ?

(മറുപടി പറഞ്ഞില്ല)

കെ. എസ്. ആർ. ടി. സി. യിൽ ട്രാൻസ് മൊബൈൽ സമ്പ്രദായം

* 451 [481] ശ്രീ. പി. കുമാരൻ:

,, കെ. പി. പ്രഭാകരൻ:

,, കാനം രാജേന്ദ്രൻ:

,, കെ. ആർ. ചന്ദ്രമോഹനൻ:

,, കെ. ടി. കുണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ട്രാൻസ് മൊബൈൽ സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യയെത്ര:

(ബി) ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഈ സമ്പ്രദായംമൂലം കെ. എസ്. ആർ. ടി. സി.-യ്ക്ക് എന്തെങ്കിലും നേട്ടമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ട്രാൻസ് മൊബൈൽ സിസ്റ്റം ഇല്ലാത്ത ജില്ലകളിൽ കൂടി എർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 4,35,667.88 രൂപ.

(ബി) തിരുവനന്തപുരം ജില്ലയിൽ മാത്രം.

(സി) ഉണ്ട്.

(ഡി) പരിഗണിക്കുന്നതാണ്.

ശ്രീ. പി. കുമാരൻ: ഈ ട്രാൻസ് മൊബൈൽ സമ്പ്രദായത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: ഈ ട്രാൻസ് മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനംകൊണ്ടുദ്ദേശിക്കുന്നത് തിരുവനന്തപുരം സിറ്റിയിൽ എവിടെയെങ്കിലും ബസ്സുകൾ ബ്രേക്ക് ഡൗൺ ആയിക്കഴിഞ്ഞാൽ കൺട്രോൾ റൂമിൽ കിട്ടുന്ന മെസേജിനെ അടിസ്ഥാനപ്പെടുത്തി മെക്കാനിക്കും മറ്റ് ആവശ്യങ്ങൾക്കുള്ള സ്പെയർപാർട്ടുകളുമായി വാൻ

LIBRARY ARCHIVES Kerala Legislative Assembly